**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത**
**നിയമസഭാ ചോദ്യം നം.3482** **20/06/2019-ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്ത് രാജ്യാന്തര നിലവാരമുള്ള വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട്**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ശ്രീ.എ.പി.അനിൽ കുമാർ<br>ശ്രീ.വി.ടി.ബൽറാം<br>ശ്രീ.പി.ടി.തോമസ് | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |

| | | | |
|---|---|---|---|
| (എ) | കഴിഞ്ഞവർഷം നിപ ബാധയുണ്ടായപ്പോൾ രാജ്യാന്തര നിലവാരമുള്ള വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട് സംസ്ഥാനത്ത് സ്ഥാപിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നോ; ഇതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; | (എ) | കോഴിക്കോട് ജില്ലയിൽ നിപാ വൈറസ് ബാധയുണ്ടായ പശ്ചാത്തലത്തിൽ കേരളത്തിൽ ലോകനിലവാരത്തിലുള്ള ഒരു വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്ന കാര്യം സർക്കാർ പരിഗണിക്കുകയും തിരുവനന്തപുരത്ത് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജിയുടെ ഒന്നാംഘട്ട നിർമ്മാണ പ്രവർത്തനം പൂർത്തിയാക്കുകയും 28,000/- Square feet ഉള്ള pre-fab കെട്ടിടം 2019 ഫെബ്രുവരി ഒൻപതാം തീയതി ഉദ്ഘാടനം ചെയ്യുകയുമുണ്ടായി. ഇതിന്റെ രണ്ടാം ഘട്ടത്തിന്റെയും നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. ഗ്ലോബൽ വൈറസ് നെറ്റ് വർക്ക് (GVN) എന്ന സംഘടനയിൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജിക്ക് അംഗത്വമെടുക്കുവാനുള്ള പ്രക്രിയകൾ പുരോഗമിക്കുകയാണ്. ഇൻസ്റ്റിറ്റ്യൂട്ടിലേക്ക് തസ്തികകൾ അനുവദിച്ചിട്ടുണ്ട്. പ്രഗത്ഭരായ വൈറോളജിസ്റ്റുകളെ കണ്ടെത്തി നിയമനം നടത്താനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ആവശ്യമായ ഉപകരണങ്ങൾ വാങ്ങാനുള്ള നടപടി പുരോഗമിക്കുകയാണ്. |
| (ബി) | ഈ വർഷം നിപ ബാധ വീണ്ടും ഉണ്ടായപ്പോൾ സംസ്ഥാനത്ത് അത്തരം ഒരു ഇൻസ്റ്റിറ്റ്യൂട്ട് ഇല്ലാത്തതിനാൽ നിപ ബാധ | (ബി) | സാഹചര്യം ഉണ്ടായിട്ടുണ്ട്. |

| | | | |
|---|---|---|---|
| | സ്ഥിരീകരിക്കുന്നതിന് പൂനയിലെ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിനെ സമീപിക്കേണ്ട സാഹചര്യം ഉണ്ടായിട്ടുണ്ടോ; | | |
| (സി) | സംസ്ഥാനത്ത് സ്ഥാപിക്കുന്ന വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിന് ആവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള ടെൻഡർ നടപടികൾ ഏത് ഘട്ടത്തിലാണ്; | (സി) | "ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി (IAV)" അന്താരാഷ്ട്ര നിലവാരത്തിൽ സജ്ജമാക്കുന്നതിന് വേണ്ട ഉപദേശങ്ങൾ നൽകുന്നതിനായി ചുമതലപ്പെട്ട എക്സ്പെർട്ട് അഡ്വൈസറി കമ്മിറ്റിയുടെ (Expert Advisory Committee) നിർദ്ദേശാനുസരണം ഉപകരണങ്ങളുടെ ലിസ്റ്റ് തയ്യാറാക്കുകയും അവയ്ക്കുവേണ്ട മാനദണ്ഡങ്ങൾ (Specifications) നിഷ്കർഷിക്കുകയും ചെയ്തിട്ടുണ്ട്. ഉപകരണങ്ങൾ വാങ്ങുന്നത് ഇ-ടെൻഡറിംഗ് സിസ്റ്റം (Open e-tendering system) മുഖേനയാണ്. ഉപകരണങ്ങൾ വാങ്ങുന്നതിന് ഇറക്കുമതി നികുതിയിളവ് ലഭിക്കുന്നതിനായി ഡി എസ് റ്റി - ഡി എസ് ഐ ആർ (DST-DSIR) സർട്ടിഫിക്കേഷൻ (Certification) ഉള്ള, കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ കീഴിലുള്ള, ഗവേഷണ വികസന സ്ഥാപനമായ ജവഹർലാൽ നെഹ്റു ട്രോപ്പിക്കൽ ബൊട്ടാണിക് ഗാർഡൻ ആൻഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (JNTBGRI) മുഖേന ഓപ്പൺ ടെൻഡർ നടപടികൾ ആരംഭിച്ചിട്ടുണ്ട്. ടെക്നിക്കൽ ബിഡ് (Technical bid) പരിശോധിക്കുക, ഉപകരണങ്ങൾക്ക് നിഷ്കർഷിച്ചിട്ടുള്ള പ്രത്യേകതകൾ ഉറപ്പ് വരുത്തി ഡീലറെ തിരഞ്ഞെടുക്കുക തുടങ്ങിയവയ്ക്കായി പർച്ചേസ് കമ്മിറ്റി രൂപീകരിക്കുന്നതിനുള്ള ശുപാർശ സർക്കാരിന്റെ പരിഗണനയിലാണ്. |
| (ഡി) | പ്രസ്തുത ഇൻസ്റ്റിറ്റ്യൂട്ടിൽ നിയമിക്കേണ്ട ശാസ്ത്രജ്ഞരുടെ പട്ടിക സംസ്ഥാന ശാസ്ത്ര സാങ്കേതിക വകുപ്പ് സമർപ്പിച്ചിട്ടുണ്ടോ; അതിൽ എത്ര പേരെ നിയമിക്കുവാനാണ് ഉദ്ദേശിക്കുന്നത്; ഇൻസ്റ്റിറ്റ്യൂട്ടിന്റെ മുഖ്യ ഉപദേശകനായി ഡോ. വില്യം ഹാബിനെ നിയമിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ഡി) | 30/05/2019 ലെ സർക്കാർ ഉത്തരവ് (കൈ) നം.9/19/ശാ.സാവ. പ്രകാരം, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജിയിൽ സീനിയർ പ്രിൻസിപ്പൽ സയന്റിസ്റ്റ് ഇൻചാർജ്ജ് തസ്തിക സൃഷ്ടിച്ചിട്ടുണ്ട്. ആയതിലേയ്ക്ക് ആരെയും നിയമിച്ചിട്ടില്ല. 14/06/2019 ലെ സർക്കാർ ഉത്തരവ് (കൈ) നം.12/2019/ശാസാവ പ്രകാരം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജിയിലെ ഡയറക്ടർ തസ്തികയിലേക്ക് യോഗ്യനായ വ്യക്തിയെ നാമനിർദ്ദേശം ചെയ്യുന്നതിനുള്ള സെർച്ച് കമ്മിറ്റി രൂപീകരിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്. ടി കമ്മിറ്റി നാമനിർദ്ദേശം നടത്തിയിട്ടില്ല. 31/05/2019 |

| | | | |
|---|---|---|---|
| | | | തീയതിയിലെ സർക്കാർ ഉത്തരവ്(കൈ) നം.10/2019/ശാ.സാ.വ. പ്രകാരം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജിയിലെ സീനിയർ അഡ്വൈസറായി ഡോ.വില്യം ഡബ്ല്യൂ ഹാൾ, ഡയറക്ടർ, സെന്റർ ഫോർ റിസർച്ച് ഇൻ ഇൻഫെക്ഷ്യസ് ഡിസീസസ്, ഡബ്ലിൻ-നെ നിയമിച്ച് ഉത്തരവായിട്ടുണ്ട്. |
| (ഇ) | സംസ്ഥാന വീണ്ടും നിപ ബാധയുടെ ഭീഷണിയിലായ സാഹചര്യത്തിൽ ഇനിയും കാലവിളംബനം ഉണ്ടാകാതെ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം' സംസ്ഥാനത്ത് ആരംഭിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ എന്നിറിയിക്കാമോ? | (ഇ) | നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ